18081
16/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മുൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ഒ.എസ്.വീരേന്ദ്രനെതിരായ അച്ചടക്ക നടപടി - പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. രാജു വർഗ്ഗീസിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2702/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 05.08.2017

================================================================================

പരാമർശം: 1. 21/01/2015 ലെ 79480/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
2. കുറ്റപത്രത്തിന് ശ്രീ.ഒ.എസ്. വീരേന്ദ്രൻ നല്കിയ 18/04/2015 ലെ മറുപടി
3. പഞ്ചായത്ത് ഡയറക്ടറുടെ 2/3/15 ലെ ഡി5-5135/15 നമ്പർ കത്ത്
4. 06.07.2017-ലെ 79480/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ്**

CMP No. 1215/13 നമ്പർ കേസിൽ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം ഉത്തരവിട്ടതനുസരിച്ച് മുൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും താഴെപ്പറയുന്ന വീഴ്ചകൾ കണ്ടെത്തുകയും ചെയ്തിരുന്നു.

ഏറ്റുമാനൂർ ടൗണിന് സമീപത്തായി ഹോട്ടൽ നാഷണൽ പാർക്ക് എന്ന സ്ഥാപനത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരാക്ഷേപ പത്രത്തിന് അപേക്ഷ നല്കുകയും ഗ്രാമപഞ്ചായത്ത് ഇതിനായി 5 അംഗ സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ സമയത്ത് നിലവിലുള്ള നിയമപ്രകാരം 4 നക്ഷത്ര ഹോട്ടലും വിദ്യാലയങ്ങളും തമ്മിലുള്ള ദൂരപരിധി 50 മീറ്റർ ആയതിനാൽ ടി സ്ഥാപനം സർക്കാർ സ്കൂളിൽനിന്ന് 150 മീറ്റർ ദൂരപരിധിയ്ക്കകത്തായിരുന്നെങ്കിലും അനുമതി നല്കാൻ ഈ സബ്കമ്മിറ്റി ശുപാർശ ചെയ്തു. പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം സെക്രട്ടറി നിരാക്ഷേപ പത്രം അനുവദിക്കുകയും ചെയ്തു. എന്നാൽ പിന്നീട് സർക്കാർ ഈ ദൂരപരിധി 50 മീറ്ററിൽനിന്ന് 200 മീറ്ററായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ സബ്കമ്മിറ്റി ടി ശുപാർശ പുനഃപരിശോധിക്കുകയും ഭരണ സമിതി ഇക്കാര്യത്തിൽ നിയമോപദേശം തേടാൻ തീരുമാനിക്കുകയും ചെയ്തെങ്കിലും അനുവദിച്ച നിരാക്ഷേപ പത്രം സെക്രട്ടറി പിൻവലിച്ചില്ല.

ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രന് പരാമർശം (1) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. ഇതിനെതിരെ പരാമർശം (2) പ്രകാരം ടിയാൻ എതിർവാദപത്രിക സമർപ്പിച്ചിരുന്നു. എന്നാൽ 25/12/2013 ൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എസ്. ബാബു രാജൻ നടത്തിയ പരിശോധനയിൽ ടി സ്ഥാപനവും സർക്കാർ വിദ്യാലയവും തമ്മിലുള്ള ദൈർഘ്യം 205 മീറ്ററാണെന്ന് കണ്ടെത്തിയെന്നും അതിനാൽ എൻ.ഒ.സി. റദ്ദു ചെയ്യാതിരുന്ന തന്റെ നടപടി ചട്ടലംഘനമല്ലെന്നും ടിയാൻ എതിർവാദപത്രികയിൽ ബോധിപ്പിച്ചു.

പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ഒ.എസ്. വീരേന്ദ്രൻ 31/5/2015-ന് സേവനത്തിൽനിന്ന് വിരമിച്ചു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാനെതിരെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങൾ പ്രകാരം നടപടികൾ തുടരാൻ സാധിക്കാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(a) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചട്ടത്തിൽ, ഒരുദ്യോഗസ്ഥൻ സേവനത്തിലിരിക്കെ ടി അച്ചടക്ക നടപടി എപ്രകാരമാണോ തീർപ്പാക്കുമായിരുന്നത് അപ്രകാരംതന്നെ തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ശ്രീ. ഒ.എസ്. വീരേന്ദ്രന് കഠിന ശിക്ഷയുള്ള കുറ്റപത്രം നല്കിയായിരുന്നു അച്ചടക്ക നടപടികൾ ആരംഭിച്ചത്. ടിയാൻ സേവനത്തിൽ തുടർന്നിരുന്നുവെങ്കിൽ ഔപചാരിക അന്വേഷണം നടത്തിയായിരുന്നു ടി അച്ചടക്ക നടപടി തീർപ്പാക്കേണ്ടിയിരുന്നത്. ഈ സാഹചര്യത്തിൽ ഈ കേസിൽ ഔപചാരിക അന്വേഷണം നടത്തേണ്ടത് ചട്ടപ്രകാരം അനിവാര്യമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസിൽ ഔപചാരിക അന്വേഷണം നടത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ രാജു വർഗ്ഗീസിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. രാജു വർഗ്ഗീസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
   പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, സെക്രട്ടറി (റിട്ട), മുൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.79480/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ